## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1004** **28.04.2017 ൽ മറുപടിയ്ക്ക്**

## ചെറുവള്ളി എസ്റ്റേറ്റ്

**ചോദ്യം**

**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | |
|---|---|---|
| (എ) | പത്തനംതിട്ട ജില്ലയിലെ ചെറുവള്ളി എസ്റ്റേറ്റ്, ബിലീവേഴ്സ് ചർച്ചിന്റെ കൈവശത്തിലായതു എന്നുമുതലാണെന്ന് വ്യക്തമാക്കുമോ; | (എ) ഗോസ്പ്പൽ ഫോർ ഏഷ്യ അധികൃതർ ഹാജരാക്കിയ രേഖകൾ പ്രകാരം ചെറുവള്ളി എസ്റ്റേറ്റ് 2329/2005 നംപർ കരാർപ്രകാരം 2005-ൽ ഇവർ വാങ്ങിയതായി പറയുന്നു. |
| (ബി) | ആരിൽ നിന്നാണ് ഈ എസ്റ്റേറ്റ് ബിലീവേഴ്സ് ചർച്ച് സ്വന്തമാക്കിയത്; രജിസ്ട്രേഷൻ നമ്പരും തീയതിയും ഏതാണെന്നും വിസ്തൃതി എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) ഹാരിസൺസ് മലയാളം ലിമിറ്റഡിനെ പ്രതിനിധീകരിച്ച ശ്രീ.വി.വേണുഗോപാൽ എന്ന കക്ഷിയിൽ നിന്നും എരുമേലി സബ് രജിസ്ട്രാർ ഓഫീസിലെ 2/8/2005 ലെ 2329/2005 നംപർ കരാർ പ്രകാരമാണ് ഗോസ്പ്പൽ ഫോർ ഏഷ്യ ടി എസ്റ്റേറ്റ് വാങ്ങിയതായി പറയുന്നത്. ടി കരാർ പ്രകാരമുള്ള വിസ്തീർണ്ണം 2263 ഏക്കറാണെന്നു കാണുന്നു. |
| (സി) | സർക്കാർ തോട്ട ഭൂമി കൈയേറ്റവും, കൈമാറ്റവും അന്വേഷിച്ച ഉദ്യോഗസ്ഥനായ രാജമാണിക്യത്തിന്റെ റിപ്പോർട്ടിൽ ചെറുവള്ളി എസ്റ്റേറ്റിനെക്കുറിച്ചും, സമീപ പ്രദേശത്തെ ഹാരിസൺ മലയാളം പ്ലാന്റേഷന്റെ കൈവശഭൂമിയെക്കുറിച്ചും പരാമർശമുണ്ടോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ; | (സി) പ്രസ്തുത ഭൂമി സർക്കാരിലേയ്ക്ക് ഏറ്റെടുക്കുന്നതിന് സർക്കാർ നിയോഗിച്ച സ്പെഷ്യൽ ഓഫീസർ 28/5/2015 ൽ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന റവന്യൂ രേഖയായ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം നിലവിലെ ചെറുവള്ളി എസ്റ്റേറ്റ് സർക്കാർ ഭൂമിയാണ്. 2264 ഏക്കർ വരുന്ന ചെറുവള്ളി എസ്റ്റേറ്റ് സ്വാതന്ത്ര്യത്തിന് മുമ്പ് ഇംഗ്ലീഷ് കമ്പനികൾ പാട്ടമായി കൈവശംവച്ചിരുന്നതായി കാണുന്നു. പ്രസ്തുത ഭൂമി 1923 ലെ 1600/1923- ാം നമ്പർ കരാർ ഉടമ്പടി പ്രകാരം മലയാളം റബ്ബർ & പ്രൊഡ്യൂസ് കമ്പനി (യു.കെ) ലിമിറ്റഡ് മറ്റൊരു ബ്രിട്ടീഷ് കമ്പനിയായ മലയാളം പ്ലാന്റേഷൻസ് (യു.കെ) ലിമിറ്റഡിന് കൈമാറി. ടി 2 കമ്പനികളും ബ്രിട്ടീഷ് കമ്പനി ആക്ട് പ്രകാരം ആ രാജ്യത്തെ ഒരേ ഓഫീസ് മേൽവിലാസത്തിൽ പ്രവർത്തിച്ചിരുന്നതായി ടി കരാർ ഉടമ്പടിയിൽ കാണുന്നു. 1923 ലെ ഇംഗ്ലീഷ് കമ്പനികളുടെ കരാർ ഉടമ്പടിയിൽ ആകെ 25625 ഏക്കർ ഭൂമി ഉൾപ്പെടുന്നു. ടി കരാറിലെ വിൽക്കുന്നയാളും, വാങ്ങുന്നയാളും, സാക്ഷികളും എല്ലാം തന്നെ ജോൺമാക്കി എന്നൊരു കക്ഷിയായയിരുന്നു. 1947 ൽ ഇന്ത്യ സ്വാതന്ത്ര്യം നേടിയെങ്കിലും, Indian Independence Act, 1947, FERA, 1947 എന്നിവയിലെ വിലക്കുകൾ ലംഘിച്ചുകൊണ്ട് ഇന്ത്യൻ |

| | | |
|---|---|---|
| | | ഏജന്റുമാരെ ഉപയോഗിച്ച് ടി വിദേശ കമ്പനികൾ (മറ്റു വിദേശ കമ്പനികൾ ചെയ്യതുപോലെ) ഇംഗ്ലണ്ടിൽ തുടർന്ന് കൊണ്ട് ടി തോട്ടങ്ങൾ നിയന്ത്രിച്ചിരുന്നതായി മനസ്സിലാക്കുന്നു. 1952, 1957, 1973 എന്നീ വർഷങ്ങളിൽ വിദേശ കമ്പനികൾക്കും, പൗരൻമാർക്കുമെതിരായി ശക്തമായ വിലക്കുകൾ ഏർപ്പെടുത്തികൊണ്ട് FERA ൽ ഭേദഗതികൾ വരുത്തിയിരുന്നു. ഇന്ത്യയിൽ ഭൂമി കൈവശം വയ്ക്കുന്നതിനും, കൈമാറ്റം ചെയ്യുന്നതിനും കേന്ദ്ര സർക്കാരിന്റെയോ, RBI യുടെയോ അനുമതി ആവശ്യമായിരുന്നു. ഈ സാഹചര്യത്തിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ്, 1923 ലെ വിദേശ കമ്പനികൾ തമ്മിലുണ്ടാക്കിയ കരാർ ഉടമ്പടിയിൽ ഉൾപ്പെടുന്നതും ഭരണഘടനയുടെ ആർട്ടിക്കിൾ 296 പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായതുമായ ആയിരക്കണക്കിനേക്കർ ഭൂമി 1984 മുതൽ വിൽപ്പന നടത്തി വന്ന കൂട്ടത്തിൽ 2005 ൽ എരുമേലിക്കടുത്തുള്ള 2264 ഏക്കർ വരുന്ന ചെറുവള്ളി എസ്റ്റേറ്റ് അനധികൃതമായി ഗോസ്പ്പൽ ഫോർ ഏഷ്യക്ക് വിൽപ്പന നടത്തിയതായി കാണുന്നു. സ്പെഷ്യൽ ഓഫീസറുടെ ഉത്തരവിനെതിരെ കക്ഷികൾ കോടതിയെ സമീപിച്ചിട്ടുള്ളതും വിഷയം നിലവിൽ കോടതിയുടെ പരിഗണനയിലിരിക്കുന്നതും അന്തിമ ഉത്തരവ് നിലവിൽ വന്നിട്ടില്ലാത്തതുമാണ്. |
| (ഡി) | പ്രസ്തുത റിപ്പോർട്ടു പ്രകാരം ഈ മേഖലയിൽ എത്ര ഹെക്ടർ തോട്ടം ഭൂമിയാണ് അനധികൃതമായി സ്വകാര്യ വ്യക്തികളുടെയും, സ്ഥാപനങ്ങളുടെയും കൈവശത്തിലുള്ളതെന്നും, അതു തിരിച്ചെടുക്കുന്നതു സംബന്ധിച്ച് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | (ഡി) M/s മലയാളം പ്ളാന്റേഷൻസ് (യു.കെ) ലിമിറ്റഡ് എന്ന വിദേശ കമ്പനി സംസ്ഥാനത്ത് 7 ജില്ലകളിൽ (കൊല്ലം, പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, തൃശ്ശൂർ, വയനാട്) 75000 ഏക്കറോളം സർക്കാർ ഭൂമി കൈവശം വയ്ക്കുന്നതായി കണ്ടെത്തിയതിനെ തുടർന്ന് കൊല്ലം, പത്തനംതിട്ട, കോട്ടയം, ഇടുക്കി എന്നീ 4 ജില്ലകളിൽ ടി കമ്പനിയും മറ്റു കക്ഷികളും കൈവശം വച്ചിരുന്ന 38,170.92ഏക്കർ സർക്കാർ ഭൂമി ഏറ്റെടുത്ത്കൊണ്ട് സ്റ്റേറ്റ് സ്പെഷ്യൽ ഓഫീസർ 18 ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൽ ഹാരിസൺസ് മലയാളം ലിമിറ്റഡ് കൈവശംവയ്ക്കുന്ന ടി 4 ജില്ലകളിലെ 30,019.95 ഏക്കർ ഭൂമിയും മറ്റു കമ്പനികളും, കൈയ്യേറ്റക്കാരും കൈവശം വയ്ക്കുന്ന 8150.97 ഏക്കർ ഭൂമിയും ഉൾപ്പെടുന്നു. സ്പെഷ്യൽ ഓഫീസറുടെ ഉത്തരവിനെതിരെയുള്ള കേസ്സുകൾ നിലവിൽ കോടതിയുടെ പരിഗണനയിലിരിക്കുന്നതും അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ലാത്തതുമാണ്. |

സെക്ഷൻ ഓഫീസർ